## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1898 - 22..01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ പി.എഫ് പെൻഷൻ വിഹിതം

**ചോദ്യം**

ശ്രീ. എൻ. ഷംസുദ്ദീൻ

**ഉത്തരം**

**ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സാംസ്ഥാനത്ത് വിവിധ ബോർഡ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് ജീവനക്കാരെ കാലാകാലങ്ങളിൽ വരുന്ന മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ നിയോഗിക്കാറുണ്ടോ; | (എ) | സംസ്ഥാനത്ത് വിവിധ ബോർഡ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് ജീവനക്കാരെ കാലാകാലങ്ങളിൽ വരുന്ന മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ നിയോഗിക്കാറുണ്ട്. |
| (ബി) | എങ്കിൽ ഇവരുടെ സേവനം സ്വീകരിക്കുകയും ഇവർക്ക് പ്രതിമാസം പി.എഫ്, പെൻഷൻ വിഹിതം എന്നിവ മാതൃ സ്ഥാപനത്തിലേക്ക് ഡി.ഡി അയയ്ക്കുന്നതിനുള്ള ചെലവ് ഇവരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന രീതി താഴ്ന്ന ജീവനക്കാർക്ക് ബുദ്ധിമുട്ടാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | സർക്കാർ ആവശ്യത്തിന് വേണ്ടി എടുക്കുന്ന ഡി.ഡി യ്ക്ക് മാത്രമേ നിലവിൽ കമ്മീഷൻ ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | എങ്കിൽ ഇത് ന്യായമായും സർക്കാർ തന്നെ വഹിക്കുന്നതിന് സത്വര നിർദ്ദേശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ